**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി അപകട രഹിത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഉൾപ്പടെയുള്ള ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വൈദ്യുതി കമ്പി പൊട്ടി വീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദ മായിട്ടുള്ളത്. ഇതിനായി 11 കെ.വി ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണലൈനുകളിൽ ഫ്യൂസ് യൂണിറ്റു കൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി യിരിക്കുന്നത്.<br><br>ലോ ടെൻഷൻ ലൈനുകളിൽ മറ്റു സാങ്കേതികവിദ്യ നിലവിൽ ഉണ്ടെങ്കിലും ഉപയോഗിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയതാണ്. ലോ ടെൻഷൻ ലൈനുകൾ പൊട്ടി വീഴുമ്പോൾ ചില സന്ദർഭങ്ങളിൽ ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരി ക്കുകയും ചെയ്യുന്നുണ്ട്.<br><br>ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതി കമ്പി പൊട്ടി വീണ വിവരം കിട്ടുമ്പോൾ തന്നെ ജീവനക്കാർ എത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്.<br><br>സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതോടെ കമ്പി പൊട്ടി വീഴുന്ന സന്ദർഭങ്ങളിൽ വോൾട്ടേജ്/കറന്റ് തുടങ്ങിയവയുടെ വ്യതിയാനം തിരിച്ചറിഞ്ഞ് അപകട സാധ്യത മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. സ്മാർട്ട് മീറ്ററുകളുടെ ആദ്യഘട്ടം നടപ്പിലാക്കി വരുന്നു. സ്മാർട്ട് മീറ്ററുകളുടെ ആദ്യഘട്ടം നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്ററുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരുന്ന തോടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അപകടങ്ങൾ നിയന്ത്രിക്കാൻ കഴിയും.<br><br>ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തു ന്നതിനുള്ള സാദ്ധ്യതകൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കു ന്നതിനായി ഐ.ഐ.ടി പാലക്കാട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, KSEB ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന ഒരു കമ്മിറ്റി രൂപീകരിച്ചു സമഗ്ര പഠനം നടത്തി വരുന്നു. |
| (ബി) | വൈദ്യുതി അപകടങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളുടെ സുരക്ഷാ മേഖലയിലെ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭൂമി ലഭ്യത കുറവുള്ള ഒരു സംസ്ഥാനമായതിനാൽ, റോഡുകൾ, ഇടവഴികൾ, സ്വത്തുക്കൾ, വനങ്ങൾ, തോട്ടങ്ങൾ എന്നിവയിലൂടെ എൽടി ലൈനുകൾ പതിവായി കടന്നു പോകുന്നത് സാധാരണമാണ്. തൽഫലമായി, കേരളത്തിലെ ലൈൻ-ലാൻഡ് അനുപാതം രാജ്യത്തെ ഏറ്റവും ഉയർന്ന ഒന്നാണ്. ട്രാൻസ്മിഷൻ/ വിതരണ ഓവർഹെഡ് ലൈനുകളുടെ ബാഹുല്യവും സ്ഥല ത്തിന്റെ ദൗർലഭ്യവും പലപ്പോഴും കണ്ടക്ടറുകൾ പൊട്ടുന്നതിലൂടെ ഉണ്ടാകുന്ന വൈദ്യുത അപകടങ്ങൾക്ക് കാരണമാകുന്നു. മറ്റ് സംസ്ഥാനങ്ങളിലെ കേന്ദ്രീകൃത ലോഡ് സെന്ററുകളിൽ നിന്ന് വ്യത്യസ്തമായി, സംസ്ഥാനത്ത് വിതരണ സംവിധാനം ഏതാണ്ട് ഏകീകൃതമാണ്.<br><br>ഡൽഹി തുടങ്ങിയ അപകടങ്ങൾ കുറവുള്ള സംസ്ഥാനങ്ങളിൽ ഇൻസുലേറ്റഡ് കണ്ടക്ടർ ആണ് ഉപയോഗിക്കുന്നത്. നമ്മുടെ സംസ്ഥാ നത്തും വൈദ്യുതി കമ്പികൾ കവചിതമാക്കാനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. നമ്മുടെ സംസ്ഥാന ത്തിന് അനുയോജ്യമായ ഒരു മികച്ച സുരക്ഷാ സംവിധാനമാണ് കെ.എസ്.ഇ.ബി.എൽ -നുള്ളത്.<br><br>**<u>കൈക്കൊണ്ട നടപടികൾ</u>**<br><br>മഴക്കാലത്തും പ്രകൃതി ക്ഷോഭം ഉണ്ടാകുന്ന സമയങ്ങളിലും ഉൾപ്രദേശ ങ്ങളിൽ വസിക്കുന്നവരും തോട്ടങ്ങളിൽ കയറുന്ന വരും ഇക്കാര്യത്തിൽ ജാഗ്രത്രകരായിരിക്കാൻ വേണ്ട നിർദേശങ്ങൾ കെഎസ്ഇബിഎൽ നൽകുന്നുണ്ട്.<br><br>വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സമീപം, അപകട അവസ്ഥയിൽ ഉള്ള മരങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ. ബി.എൽ അഭ്യർത്ഥിച്ചതിനെ തുടർന്ന് ചീഫ് സെക്രട്ടറി 2005- ലെ ദുരന്ത നിവാരണ നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ അധ്യക്ഷന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുതി അപകട രഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഇ–സേഫ് | (സി) | കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വൈദ്യുതി |

| | | | |
|---|---|---|---|
| | കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം പ്രസരണ–വിതരണ ശൃംഖല ആധുനികവത്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | അപകട രഹിത കേരളം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഇ സേഫ്. ഇ സേഫ് പദ്ധതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്.<br><br>ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി 1. ദ്യുതി പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെ ടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിനായി 204.27കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങ ൾക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയും ഉൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്.<br><br>ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനു നടപ്പിലാക്കിയ "ദ്യുതി 1" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിയിരുന്നു.<br><br>2018-ൽ ആരംഭിച്ച 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കു വാൻ സാധിച്ചിട്ടുണ്ട്. ദ്യുതി 2.0 ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022 -23 സാമ്പത്തിക വർഷം മുതൽ 2026 -27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. 2022 -23 മുതൽ ജൂൺ 2024 വരെ 2166 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട് .<br><br>വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമിട്ട് കെ.എസ്.ഇ. ബി.എൽ. ഇപ്പോൾ നടപ്പിലാക്കുന്ന മറ്റു പദ്ധതി RDSS ആണ്. ഇതു കൂടാതെ മലപ്പുറം (411 കോടി), കാസറഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണ |

| | | | |
|---|---|---|---|
| | | | മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ .ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.<br><br>വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച 2997.8 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ ബി സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകി വരുന്നു. മേല്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ വർക്ക് ഓർഡർ നൽകുകയും 25.18% സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്കും അംഗീകാരം ലഭിക്കുകയും ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br><br>വിദൂരമായി സ്ഥാപിച്ചിട്ടുള്ള ഒറ്റപ്പെട്ട RMU-കൾക്കായി ഒരു റിമോട്ട് ഓപ്പറേറ്റിംഗ് സപ്പോർട്ട് നൽകാനുള്ള സംവിധാനം, വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector"എന്ന നൂതന സംവിധാനം, വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാ ക്കുന്നതിനും, വൈദ്യുതി തടസങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിര വുമായ വൈദ്യുതി ലഭ്യമാക്കുന്നതി നുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>കെഎസ്ഇബിയെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം ജില്ലയിലെ പേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ ഉള്ള തെരഞ്ഞെ ടുക്കപ്പെട്ട ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ ഉള്ള ലോ ടെൻഷൻ കവചിതമല്ലാത്ത കമ്പികൾ പൊട്ടി വീണാൽ ഓഫ് ആകാൻ എം സി സി ബി, ലൈൻ മൗണ്ടഡ് ഗാർഡിങ് എന്നിവ പരീക്ഷണാർത്ഥം സ്ഥാപി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി പവർ ക്വാളിറ്റി ഓഡിറ്റ് നടപ്പാക്കുന്നതിനും വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിന് സേഫ്റ്റി ഓഡിറ്റ്, സേഫ്റ്റി സർവ്വേ എന്നിവ നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാ നത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളും ചേർന്ന് വൈദ്യുത സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നുണ്ട്. സംസ്ഥാന ത്തുടനീളമുള്ള ആശുപത്രികളിൽ ഇത്തര ത്തിലുള്ള ഓഡിറ്റുകൾ സംഘടിപ്പി ച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നേതൃത്വത്തിൽ NSC Kerala ചാപ്റ്റർ, ഫാക്ടറീസ് & ബോയ് ലേഴ്സ്, TOC H എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ ഉപയോഗിച്ച് 2023-ൽ എറണാകുളം ജില്ലയിലെ ഇടയ്ക്കാട്ടുവയൽ പഞ്ചായ ത്തിലെ വീടുകളിൽ വൈദ്യുത സുരക്ഷാ സർവ്വേ ഓഡിറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ ബ്രോഡ് വേയിൽ വ്യാപാര സമുച്ചയങ്ങളിൽ 2024-ൽ വൈദ്യുത സുരക്ഷ ഓഡിറ്റ് നടപ്പാക്കി. കെ.എസ്.ഇ.ബി.യിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പവർ ക്വാളിറ്റി ഓഡിറ്റും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്.<br><br>വിതരണ സംവിധാനത്തിന്റെ പരിപാല നത്തിനായി കെഎസ്ഇബിഎൽ-ന് വ്യക്തമായി നിർവചിക്കപ്പെട്ട മാനുവൽ ഉണ്ട്. ഇത് പ്രധാനമായും ജീവനക്കാ രുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനാണ്, കൂടാതെ സുരക്ഷാ ഓഡിറ്റിന്റെ ഭാഗവുമാണ്. ഇത് പ്രധാനമായും HT/LT ലൈനുകൾ, ഇൻസുലേറ്ററുകൾ, ഫിറ്റിംഗുകൾ എന്നിവയുടെ പരിശോധന, ലൈനു കളുടെ ക്ലിയറൻസ് അളക്കൽ, പോൾ ടു പോൾ പരിശോധന, സ്റ്റേകൾ, AB സ്വിച്ച്, ഫ്യൂസ് യൂണിറ്റുകൾ, എർത്തിംഗ് സിസ്റ്റം എന്നിവയുടെ പരിശോധന മുതലായവയ്ക്കാണ്.<br><br>ഉപകരണങ്ങളുടെയും ലൈനുകളുടെയും ആനുകാലിക പരിശോധനയും സുരക്ഷാ ഓഡിറ്റും ഫീൽഡ് തലത്തിൽ കർശനമായി പാലിക്കുന്നു. അകത്തും പുറത്തുമുള്ള നിരവധി ഏജൻസികളുടെ സുരക്ഷാ പരിശോധനകൾ നടക്കുന്നുണ്ട്. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും വൈദ്യുത ലൈനുക ളിലും പ്രതിഷ്ഠാപനങ്ങളിലും നിരന്തരമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങ ളുടെയും നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സുരക്ഷാ പരിശോധന നടക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം തേർഡ് പാർട്ടി ഇൻസ്പെക്ഷനുകൾ നിർബന്ധ മാണ്. വൈദ്യുത |

| | | | |
|---|---|---|---|
| | | | നിലയങ്ങളിൽ ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്‌സിന്റെ സുരക്ഷാ പരിശോധനകളുണ്ട്.<br><br>മഴക്കാലത്തും പ്രകൃതി ക്ഷോഭം ഉണ്ടകുന്ന സമയങ്ങളിലും ഉൾപ്രദേശങ്ങളിൽ വസിക്കുന്നവരും തോട്ടങ്ങളിൽ കയറു ന്നവരും ഇക്കാര്യത്തിൽ ജാഗരൂക രായിരിക്കാൻ വേണ്ട നിർദേശങ്ങൾ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ